പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :4776 — 22.03. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.നിയമനം

ചോദ്യം
ശ്രീ.പി.സി.ജോർജ്ജ്

ഉത്തരം
ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെഎസ്.ഇ.ബിയിലേക്ക് നിയമനം നടത്തുന്നതിനുള്ള ഏതെങ്കിലും പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; തസ്തികയും എണ്ണവും സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ലിസ്റ്റിന്റെ കാലാവധി എന്നു തീരും; വ്യക്തമാക്കാമോ; | (എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) കെ.എസ്.ഇ.ബി.-യിൽ ഇപ്പോൾ കരാർ അടിസ്ഥാനത്തിൽ ഉയർന്ന തസ്തികകളിൽ ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ; പേരു സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) കരാർ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനിയർ/ അക്കൗണ്ട്സ് ഓഫീസർ മുതലുള്ള ഉയർന്ന തസ്തികകളിൽ നിലവിൽ ആരും ജോലി ചെയ്യുന്നില്ല. |
| (സി) ദിവസ വേതന വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ കെ.എസ്.ഇ.ബി-യിൽ ആളെ നിയമിച്ചിട്ടുണ്ടോ; ഇപ്പോൾ നിയമിച്ചു വരുന്നുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br>(ഡി) എങ്കിൽ ഇവർക്ക് | (സി) & (ഡി) ദിവസക്കൂലി അടിസ്ഥാനത്തിൽ ആരെയും നിയമിക്കാറില്ല. ആവശ്യം വരുന്ന സന്ദർഭങ്ങളിൽ പ്രവൃത്തികൾക്ക് കരാർ നൽകുകയാണ് ചെയ്യുന്നത്. പ്രവൃത്തിയുടെ വിശദവിവരത്തോടൊപ്പം പ്രസിദ്ധീകരിക്കുകയും പ്രവൃത്തി ഏറ്റെടുക്കാൻ താൽപര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ/ദർഘാസുകൾ ക്ഷണിക്കുകയുമാണ് പതിവ്. പി.എ.സി തയ്യാറാക്കുന്നതിനായി കലാകാലങ്ങളിൽ പുതുക്കുന്ന Schedule of Rates ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കണക്കിലെടുക്കാറുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന ക്വട്ടേഷൻ/ദർഘാസുകളിൽ സ്വീകാര്യമായതിനെ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചു വരുന്നു. പ്രവൃത്തി ഏറ്റെടുത്തു നടപ്പിലാക്കാൻ ഒന്നിൽ കൂടുതൽ പേർ താല്പര്യം അറിയിക്കുന്ന പക്ഷം ഏറ്റവും കുറഞ്ഞ |

| | |
|---|---|
| നൽകുന്ന ദിവസ വേതനം എത്രയാണ്; തസ്തിക സഹിതം വിശദമാക്കുമോ; | ളുകയ്ക്ക് പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകുന്നവരെ തിരഞ്ഞെടുക്കുകയും അവരുമായി ഉടമ്പടിയിൽ ഏർപ്പെടുകയുമാണ് ചെയ്തു വരുന്നത്. |
| (ഇ) കെ.എസ്.ഇ.ബി.-യിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ഇ) കെ.എസ്.ഇ.ബി-യുടെ ചെലവുകളിൽ ഏറ്റവും വലുത് വൈദ്യുതി വാങ്ങുന്നതിന്റേതാണ്. ആയത് ചുരുക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. സാദ്ധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ച് വൈദ്യുതി വാങ്ങുന്നത് കുറഞ്ഞ നിരക്കിലാണെന്ന് ഉറപ്പാക്കുന്നു.<br>2. വിലകൂടിയ ഇന്ധനം ഉപയോഗിക്കുന്ന താപ നിലയങ്ങൾ അവശ്യ സന്ദർഭങ്ങളിൽ മാത്രം പ്രവർത്തിപ്പിക്കുന്നു.<br>3. മാർക്കറ്റിൽ വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാകുമ്പോൾ വൈദ്യുതി വാങ്ങുകയും ആനുപാതികമായി ആഭ്യന്തര ഉത്പാദനം ക്രമീകരിക്കുകയും ചെയ്യുന്നു.<br>4. വൈദ്യുത മേഖലയിലെ സാങ്കേതിക വാണിജ്യ നഷ്ടം കുറച്ചുകൊണ്ട് പുറമേ നിന്ന് വൈദ്യുതി വാങ്ങുന്നതിന്റെ തോത് കുറച്ച്, വൈദ്യുതി വാങ്ങൽ ചെലവ് നിയന്ത്രിക്കുന്നു. കെ.എസ്.ഇ.ബി.എൽ സാമ്പത്തിക വിഭാഗത്തിൻ കീഴിൽ ചെലവുചുരുക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. മുൻകാലങ്ങളിലെന്ന പോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കുള്ള വായ്പകൾ എടുക്കുന്നതാണ്.<br>2. കേന്ദ്ര സർക്കാർ 20.11.2015-ൽ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT&C Loss-ഉം റവന്യൂ ഗ്യാപ്പും കുറയ്ക്കുന്നതിനുള്ള നടപടിയെടുത്തു.<br>3. കെ.എസ്.ഇ.ബി.യുടെ വിവിധ ശീർഷകങ്ങളിലുള്ള ചെലവുകൾ പരമാവധി കുറച്ചും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്തും വരുമാനം കൂട്ടി ഉപഭോക്താവിന് ഗുണകരമായ രീതിയിൽ പ്രവർത്തി ക്കുന്നതാണ്.<br>4. മിതമായ വിലയിൽ ഹ്രസ്വകാല-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തനമികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ പരിഹരിയ്ക്കുവാനുമാണ് ശ്രമിക്കുന്നത്.<br>കേരള ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ഭരണ നിർവ്വഹണ ചെലവ് ചുരുക്കണം എന്ന് ആവശ്യപ്പെട്ടതിൻപ്രകാരവും, ഊർജ്ജ മേഖലയിലെ മാറ്റങ്ങൾ ഉൾക്കൊണ്ട് കെ.എസ്.ഇ.ബി.എൽ-ന്റെ കാര്യക്ഷമത |

| | |
|---|---|
| | വർദ്ധിപ്പിക്കാനായി ഐ.ഐ.എം കോഴിക്കോടിനെ ക്കൊണ്ട് കെ.എസ്.ഇ.ബി.എൽ ഒരു പഠനം നടത്തുകയും റിപ്പോർട്ട് കെ.എസ്.ഇ.ബി.എൽ-ന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഐ.ഐ.എം കോഴിക്കോട് സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിലേക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും, ചീഫ് എഞ്ചിനിയർ (എച്ച്.ആർ.എം) കൺവീനറായും, ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നത അധികാര സമിതിയെ കെ.എസ്.ഇ.ബി.എൽ ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശുപാർശകൾ ഫുൾടൈം ഡയറക്ടേഴ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ഈ വിഷയം ഇപ്പോൾ ഫുൾടൈം ഡയറക്ടേഴ്സിന്റെ പരിഗണനയിൽ ആണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കെ.എസ്.ഇ.ബി. യിലെ തസ്തികകളിൽ നിലവിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ളവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തിക | റാങ്ക് പട്ടിക നിലവിൽ വന്ന തീയതി |
|---|---|---|
| 1 | LD Typist / Junior Fair Copy Assistant (B/T) | 30.10.2017 |
| 2 | Chief Internal Auditor | 28.06.2017 |
| 3 | Assistant Engineer (Electrical) 10% Departmental Quota | 30.12.2016 |
| 4 | Assistant Engineer (Electrical) | 30.12.2016 |
| 5 | Junior Assistant / Cashier D.A. Backlog | 25.02.2016 |
| 6 | Chief Personal Officer | 05.10.2015 |
| 7 | Sub Engineer | **01.12.2015** |

റാങ്ക് പട്ടികയുടെ സ്വാഭാവിക കാലാവധി പട്ടിക നിലവിൽ വന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും ആയിരിക്കും. ഒരു വർഷത്തിനു ശേഷം ടി തസ്തികയിലേയ്ക്ക് പുതിയ ഒരു റാങ്ക് പട്ടിക നിലവിൽ വരുന്ന പക്ഷം ടി തീയതി മുതൽ ലിസ്റ്റിന് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

സെക്ഷൻ ഓഫീസർ

sk. R&A 21.03.18